2. ചെങ്ങന്നൂർ-(66 ഫ്ളാറ്റുകൾ) രണ്ട് ബ്ലോക്കുകളിൽ ഒരു ബ്ലോക്കിന്റെ എല്ലാ കോളംസും ഗ്രൗണ്ട് ഫ്ളോർ റൂഫ് ലെവൽ വരെയായി. രണ്ടാമത്തെ ബ്ലോക്കിന്റെ പ്ലിന്ത് ബീം വരെയുള്ള ജോലികൾ പൂർത്തിയായിട്ടുണ്ട്.

3. പുതുക്കാട്-(72 ഫ്ളാറ്റുകൾ) ഫൗണ്ടേഷൻ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

4. ചോറ്റാനിക്കര-(54 ഫ്ളാറ്റുകൾ) രണ്ട് ബ്ലോക്കുകളിൽ ഒരു ബ്ലോക്കിന്റെ ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്. ബേസ്മെന്റിന്റെ പണിയും രണ്ടാമത്തെ ബ്ലോക്കിന്റെ ഫൗണ്ടേഷൻ പണിയും പുരോഗമിക്കുന്നു.

5. ഗുണഭോക്തൃ വിഹിതവും സന്നദ്ധ സംഘടനാ വിഹിതവും ഉറപ്പാക്കാൻ കഴിയാത്തതിനാലും പദ്ധതിയിലെ വികസന പ്രവർത്തനങ്ങൾ പഞ്ചായത്ത് ചെയ്തുകൊള്ളാമെന്നു ഉറപ്പ് ലഭിക്കാത്തതിനാലും കോട്ടയം അകലക്കുന്നത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

## സമഗ്ര ഭവന പുനരധിവാസ പദ്ധതി

199 (3860) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും കീഴിൽ നടപ്പിലാക്കിവരുന്ന ഭവനപദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനരധിവാസ പദ്ധതിക്ക് രൂപംനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളും ഗുണങ്ങളുമാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

## ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കിവരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനരധിവാസ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നു. ഭവനം, ടാക്സസ്,

റവന്യൂ, ഫിനാൻസ്, നിയമം, തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമം, പട്ടിക ജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ചാണ് സമഗ്രഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഭവന നിർമ്മാണത്തോടൊപ്പം പ്രാഥമിക അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനും ആവാസ വ്യവസ്ഥയുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനും കഴിയുന്നതാണ് 'എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട്' എന്ന പദ്ധതി. പാവപ്പെട്ടവർക്കുവേണ്ടി ഗ്രാമപ്രദേശങ്ങളിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരവും നഗരപ്രദേശങ്ങളിൽ രാജീവ് ആവാസ് യോജന പദ്ധതി പ്രകാരവുമുള്ള സഹായധനതുക സമാഹരിച്ചും മറ്റു വിവിധ പദ്ധതികളിൽ നിന്നുള്ള ധനസ്രോതസ്സ് ഉപയോഗിച്ചുകൊണ്ടും അധികമായി വേണ്ടിവരുന്ന തുക മറ്റ് സ്രോതസ്സുകളിൽ (നികുതിയില്ലാത്ത ബോണ്ടുകൾ, പലിശയിളവ് ഉള്ള വായ്പ, കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി തുടങ്ങിയവ) നിന്നും കണ്ടെത്തിയുമാണ് സമഗ്ര ഭവന പുനരധിവാസ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. വിവിധ വകുപ്പുകളുടെ ശരിയായ കൂട്ടായ്മയ്ക്കും വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ സമഗ്രമായ ഏകോപനത്തിനും, സമയബന്ധിതമായും പ്രത്യേക ദൗത്യ രീതിയിൽ പ്രവർത്തിക്കുന്നതിനും വേണ്ടി, സമഗ്ര ഭവന പുനരധിവാസ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന്റെയും പദ്ധതി നടപ്പാക്കുന്നതിന്റെയും ചുമതല നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയ്ക്ക് സർക്കാരിന്റെ അധീനതയിലുള്ള ഒരു പബ്ലിക് കമ്പനി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ധനകാര്യ നിയമ ഭവന വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, നഗരകാര്യ-ന്യൂനപക്ഷക്ഷേമം വകുപ്പുമന്ത്രി, പഞ്ചായത്ത്-സാമൂഹ്യക്ഷേമം വകുപ്പുമന്ത്രി, വനം കായികം വകുപ്പുമന്ത്രി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മന്ത്രി, ഗ്രാമ വികസന വകുപ്പുമന്ത്രി എന്നിവർ ഉൾപ്പെടുന്ന മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ പശ്ചാത്തല വിവരണ റിപ്പോർട്ട് പ്രസ്തുത ഉപസമിതി പരിശോധിച്ചുവരുന്നു.

## നവീന ഭവനപദ്ധതി

200 (3861) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നവീന ഭവനപദ്ധതി എന്നാണ് നിലവിൽ വന്നത്; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യസാക്ഷാൽക്കാരത്തിനായി ഇതുവരെ എന്തെല്ലാം ചെയ്യാൻ സാധിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly